'ഭരണഭാഷ-
മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭ - റെയിൽവേ ലൈനിന് കുറുകെ സബ്-വേ നിർമ്മിക്കുന്നതിന് റയിൽവേയ്ക്ക് സെന്റേജ് ചാർജ്ജ് അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1256/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/06/2019

---

പരാമർശം:- (1) ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ 28.03.2019 ലെ ഇ.1-2811/17 നമ്പർ കത്ത്.

(2) നഗരകാര്യ ഡയറക്ടറുടെ 20.05.2019 ലെ ഡി.സി.3/7796/19 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ റെയിൽവേ സ്റ്റേഷനിൽ രണ്ടാമത്തെ പ്ലാറ്റ്ഫോമിന്റെ പണി പൂർത്തീകരിച്ചതിനെ തുടർന്ന് ഗുരുവായൂർ നഗരസഭയുടെ ഭാഗമായ തിരുവെങ്കിടം എന്ന പ്രദേശം പൂർണ്ണമായും ഒറ്റപ്പെട്ട അവസ്ഥയിലാവുകയും തിരുവെങ്കിടത്തേക്കും തിരിച്ചും പ്രദേശവാസികൾ സഞ്ചരിക്കുന്ന റോഡ് ഇല്ലാതാവുകയും ചെയ്ത സാഹചര്യത്തിൽ ഇതിന് പരിഹാരമാർഗമെന്ന നിലയിൽ റെയിൽവേ ലൈനിന് കുറുകെ കാൽനട യാത്രക്കാർക്കും ചെറിയ വാഹനങ്ങൾക്കും കടന്നു പോകുന്നതിനുള്ള ഒരു സബ്-വേ നിർമ്മിക്കുന്ന വിഷയം ഗുരുവായൂർ നഗരസഭാ കൗൺസിൽ 20.02.2017-ൽ ചർച്ച ചെയ്യുകയും കൌൺസിൽ തീരുമാന പ്രകാരം വിഷയം സതേൺ റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(2) സബ്-വേ നിർമ്മാണത്തിന് ആകെ 4.06 കോടി രൂപ ചെലവ് വരുമെന്നും നിർമ്മാണ ചെലവുകൾ മുഴുവൻ നഗരസഭ വഹിക്കണമെന്നും സെന്റേജ് ചാർജ് ഇനത്തിൽ 8,12,000/- രൂപ ഡെപ്പോസിറ്റ് ചെയ്യണമെന്നും സതേൺ റെയിൽവേയുടെ എറണാകുളം ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ

നിന്നും ഗുരുവായൂർ നഗരസഭയെ അറിയിച്ചിട്ടുണ്ട്.

(3) നിർമ്മാണ ചെലവ് 4 കോടി രൂപയിലേറെ വരുന്നതിനാൽ അത്രയും തുക നഗരസഭയ്ക്ക് കണ്ടെത്താൻ നിർവ്വാഹമില്ലാത്തതിനാൽ ഇതിനായി മറ്റ് ഫണ്ടുകൾ (MPLADS, MLALADS മുതലായവ) കണ്ടെത്തുന്നതിനും സെന്റേജ് ചാർജ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് സർക്കാർ അനുമതി തേടുന്നതിനും സബ്-വേയുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം വിട്ടു കിട്ടുന്നതിന് ഗുരുവായൂർ ദേവസ്വം ബോർഡിലേക്ക് കത്ത് അയ്ക്കുന്നതിനും 28.02.2019-ൽ ചേർന്ന ഗുരുവായൂർ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെന്റേജ് ചാർജ് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകണമെന്ന് ഗുരുവായൂർ നഗരസഭാ സെക്രട്ടറി സൂചന (1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഗുരുവായൂർ നഗരസഭയുടെ ഭാഗമായ തിരുവെങ്കിടം എന്ന പ്രദേശത്തെ ജനങ്ങൾക്ക് യാത്ര സൗകര്യം ലഭ്യമാക്കുന്നതിനായി റെയിൽവേ ലൈനിന് കുറുകെ സബ്-വേ നിർമ്മിക്കുന്നതിന് നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് റയിൽവേയ്ക്ക് സെന്റേജ് ചാർജ്ജ് അടയ്ക്കുന്നതിന് ഗുരുവായൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു എൽ.
സ്പെഷ്യൽ സെക്രട്ടറി

ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഗുരുവായൂർ നഗരസഭ
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ